

# വേരുകൾ ഇലകളിൽ വരച്ചത്.....

- ഡിജിറ്റൽ മാഗസിൻ

*imnsghss mayyil*

# എഡിറ്റോറിയൽ

കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഈ വിദ്യാലയത്തിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ ‘വേരുകൾ ഇലകളിൽ വരച്ചത്’ എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുകയാണ്. പുതിയകാലത്ത് നമുക്ക് ചുറ്റും ഉണരുന്ന ആസുരതകളെ ചെറുക്കാൻ സർഗാത്മകശക്തിക്കേ സാധിക്കു എന്ന തിരിച്ചറിവാണ് ഈ മാഗസിൻ ഉടലെടുക്കാൻ കാരണമാകുന്നത്. സമൂഹത്തിനു നേരെ തിരിച്ചുപിടിച്ച കണ്ണാടിയാവണം കലകൾ എന്ന യാഥാർഥ്യം നാം തിരിച്ചറിയുന്നു. വേരുകൾ ഇളം കുരുന്നായ ഇലകളോടു പറഞ്ഞതാണ് ഇതിൽ ഞങ്ങൾ വരച്ചിടുന്നത്.....

ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ'വേരുകൾ ഇലകളിൽ വരച്ചത്' എന്ന മാഗസിന് എല്ലാ ആശംസകളും നേരുന്നു

HEAD MASTER
T.K.HAREENDRAN

# EDITORIAL BOARD:

**CHIEF EDITOR: AJANYA.V.V**

**EDITORS :**

**DEVIKA.K.K**
**REVATHI.M**
**HUDA NASMIN.P.P**
**ANJANA.K**
**SANIBA.K.P**
**SREYA.T**
**VYSHNAV.R**
**SREYA.P.P**
**GOPIKA.E.K**
**ATHULYA RAMESHAN**
**AMAYA.A**
**SIDHARTH.P.P**

# ഉള്ളടക്കം


1. ***NOTHING ELSE***

2. ***ALIEN FRIEND***

3. മഴയെ നീ എങ്ങു പോയി...

4. അമ്മയെന്ന ദേവത

5. പ്രളയം പറഞ്ഞത്....

6. ***THE WORLD'S DAUGHTER***

7. വാനമ്പാടി

8. മഴയിലെ ആ ഈണം

9. നൊമ്പരങ്ങളുടെ പുഴ

10. എനിക്കുംമഴയ്ക്കും ഇടയിൽ

ലിറ്റിൽ കൈറ്റ്സിന്റെ ഈ സംരഭത്തിന് എല്ലാ ആശംസകളും നേരുന്നു

- DEPUTY HM



## *NOTHING ELSE*

**There’s nothing more**
**beautiful than a**
**mother’s love**
**there’s no man trusted more**
**than the father of a daughter**
**there’s nothing sweeter than**
**the hug of a brother**
**there’s nothing stronger**
**than a family**
**and remember that**
**without them there will**
**be nothing else than**
**darkness**

**-Diya**



# ALIEN FRIEND

*If I had an alien friend*
*I will give him*
*clothes to wear*
*without a tear*
*And I'll give him*
*food to eat*
*but,not a piece of meat*
*or a stack of wheat*
*but may be some sweet*
*I'll give a room to sleep*
*and make sure he doesn't*
*weep...*
*And I'll call him blindly*
*or slinky*
*or clinky ..*



ദേവികാ ദാസ് ടി.എം
8 ബി

# മഴയെ നീ എങ്ങു പോയി....

എങ്ങുപോയി എങ്ങുപോയി നീ
എങ്ങുപോയി എങ്ങുപോയി എങ്ങുപോയി
നീ വന്നാലെങ്ങും ആനന്ദം
എന്നുമെപ്പോഴും നീ ജീവാമൃതം
വേനലവധി കഴിഞ്ഞു പോയെങ്കിലും
നിന്നുടെ വരവിനായി കാത്തുനിന്നു
നീ പെയ്താൽ പുതുമണം മണ്ണിന്നും
പുതുമണം പുത്തനുടുപ്പിന്നും
പ്രളയക്കെടുതിയായി പ്രതികാരം ചെയ്യുവാൻ
വന്നെങ്കിലും പിന്നെ നിന്നെ ഞാൻ കണ്ടില്ല
എങ്കിലും പ്രതീക്ഷിച്ചിരിപ്പു നിന്നെ
ഒരു നോക്ക് കാണുവാൻ
കാത്തു നില്പൂ...

# അമ്മയെന്ന ദേവത

ജീവിതത്തിൽ ഒരുപാട്
പ്രതിസന്ധികൾ നേരിട്ടവൾ
കല്ലും മുള്ളും നിറഞ്ഞ ജീവിതത്തിൽ
ആശ്വാസമേകാൻ അവളുടെ
അമ്മ മാത്രം
സന്തോഷത്തിനും സമാധാനത്തിനും
അമ്മ മാത്രം
മറക്കാനാവില്ല അവൾക്ക്
അവളുടെ അമ്മയെ
അമ്മയാണ് അവളുടെ ലോകം
എല്ലാവരും അവൾക്ക് ശത്രുക്കളായി-
മാറുമ്പോഴും അവൾക്ക് മിത്രമായി
അമ്മ മാത്രം
നൊമ്പരങ്ങളുടെ പുഴയായി മാറുമ്പോഴും
തെളിഞ്ഞ പുഴയായി
അമ്മ മാത്രം
അവളുടെ അമ്മവിളക്ക്



DEVIKA 9 A

# പ്രളയം പറഞ്ഞത്.....

ഉറക്ക ചടവിലും ആവേശത്തിൽ ഓടി ഉമ്മറത്തെത്തി. ഊഹം ശരിയായിരുന്നു. അച്ഛനാണ് പക്ഷേ, പതിവിലും വിപരീതമായി അച്ഛൻ ഒരു പലകപോലുള്ള സാധനത്തിൽ കിടക്കുകയായിരുന്നു. അത് നാലുപേർ ചുമന്നു കൊണ്ടുവന്ന് ഉമ്മറത്തു കിടത്തി. അപ്പോഴാണ് എനിക്ക് മനസ്സിലായത് ,വീട്ടിൽ ഒറ്റപ്പെട്ടു പോയ ഒരു കുട്ടിയെ രക്ഷിക്കുന്നതിനിടയിൽ അച്ഛൻ... എങ്കിലും അച്ഛൻ പോയത് ഒരു ജീവൻ കരയോടടുപ്പിച്ചിട്ടാണ്. അമ്മയും അനുജനും കരഞ്ഞുതളർന്ന മുഖവുമായിവിടിന്റെ മൂലയിൽ ഏറെ നാൾ .എന്നാൽ ഇന്ന് ആ അച്ഛന്റെ മക്കളായിരുനാൽ ഞാനും എന്റെ അനുജനും ഏറെ അഭിമാനിക്കുന്നു .അമ്മയുടെ മനസ്സിന്റെ ഒരു മൂലയിൽ വിഷമങ്ങൾ തളംക്കെട്ടിക്കിടക്കുന്നുണ്ടെങ്കിലും അമ്മയും തിരിച്ചുവരികയാണ്.പ്രളയം കഴിഞ്ഞ് ഒരു വർ ഷമാകുമ്പോഴും എന്റെ അച്ഛനെ ആരും മറന്നിട്ടില്ലെന്ന്

ഞാൻ മനസ്സിലാക്കുന്നു.' ദക്ഷ പറഞ്ഞു നിർത്തിയപ്പോൾ സദസ്സാകെ കണ്ണീരിൻെറ വക്കത്തായിരുന്നു . എല്ലാവരും എഴുന്നേറ്റ് നിന്ന് കൈയ്യടിച്ചു .പ്രളയം കഴിഞ്ഞ് ഒരു വർഷമായപ്പോൾ  അഭിമാനാർഹമായ പ്രവൃത്തി കാഴ്ചവച്ച പ്രവർത്തകരെ ആദരിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ദക്ഷ .സ്വന്തം ജീവൻ നൽകി മറ്റൊരു ജീവൻ നിലനിർത്തിയ സജീവൻ എന്ന രാഷ്ട്രീയ പ്രവർത്തകൻെറ മകൾ.

അന്നു രാത്രി ദക്ഷ അമ്മയോടൊപ്പം ഉറങ്ങാൻ കിടന്നപ്പോഴും ആ കരഘോഷം അവളുടെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു . അത് പതുക്കെമായുന്നു അവൾ ഒരു ചെറു ചിരിയോടെ ഉറക്കത്തിലേക്ക്.

........................................................

# THE WORLD'S DAUGHTER

Everyone stars at her down the hallway in the school and in the streets while walking home ,at family gatherings . Some how they each had something to say about her . But ,lizzo didin't mind . She was used to this .the content story,the wispers. Lizzo just rolled her eyes at them she had dreams, like balle from beauty and the beast she wanted to much more than they provincial life .lozzo was realy smart she was so good at maths and science every thing from her per had relations to maths or scince .she read a lot of books too .lizzo wanted an augustus waters in her life ,a friend as trestworthy as anna friends kitty and so lizzo day dreamed about having best briends who would love her and suppor herunlike the rest of her friends who only needed her and loved her when they needed help whith ther homeworks and assignmemts .lizzo found inspiration from a variety of people . Her favourite authers celebrities .......... they made her belive in her self push her self forward , and most of all love her salf and appreciat her salf for the person she is despit the toxic environment that she is in . Lizzos teachers where amazed by her capebilities and she was always the class topper .every one made fun of her for being a merd last lizzo was proud.

Her sarcastic replys and made her even more hated among the rest of the students
recently lizzo had been watching documentaries about space research and she was amazed at the possibilites and how small we are compared to the rest of the whole world. A lot of womensuerd questions golded up her maind.she her chocolate smeared hands the school auditorium was full of students . The principal announced ‘ good morning students today we are being honoured by the presents of famous nasa scientist .Dr maria andrews the crowd lizzo was excited to this time which was not usual Dr maria began her speach and lizzo’s eyes were building out . But at one point she raced her hand . The crowd bill sailent ‘yes’Dr maria said ‘ummm’isint that line from a mouie’ ? A moment of sailents after Dr maria replyed -’loue transcends throgh taim and space’hum’.......... maybe to from a mouie , why do you ask ? Lizzo said - ‘well when i heard the word ‘ loue’ and blish ....... i knew it was from a mouie the crowd gashed . Most of them giggled after the speech , dr maria called lizzo aside before Dr maria when began lizzo said -’Dr maria I didint mean to be ride , its , just the complete of loue doesnt make any sence to me ‘ Dr maria responded - ‘ and why is that? ‘ lizzo said - ‘ well for starters loue say not when have a physical from ,is not in the air well despite the famous phras anyway it desent even exit in nature’Dr maria was shock she didint quite rexpet they feom a is year old girl Dr maria listened to lizzo tallening about gravity space ,dark

matter , stars galaxis and every think else that exited her about the universe Dr maria sighed in amezement
a fwe weeks later lizzo way at NASA’s foundetion at texes after continuous classes with Dr maria and lizzo had grown a special bond between them and lizzo was starting to belive in what Dr maria had said last time at the shock  auditorium in her speech Dr marias love and motivation completly changed lizzo’s view of life and made her more cheerful.
At NASA or maria should her the amazing history space exploration and travel . Lizzo listend to her with patiense and she was amazed she knew what she wanted to ice and who she wanted to be. It all gleamed in her eyes .
“welcome students ,toNASA and today we have dr lizzo jane our future of space travel . She has recoverd har dotorate at the younge of 22 and today she is making us all proud “. lizzo appeared on the stage , A pleasent appearing women ,whith bold eyes ,and determination in her heart .she started her speech and at the end the said- ‘iam Dr lizzo jaine and iam the worlds daughter and i will make you  proud by being the first woman on mari .the crowd roared.
A mong the proud a far of pale brown eyes glinted . She smirlerd and she looked back at the boys behind hare.”i will show you how valuable I can lie”



AVANI

# വാനമ്പാടി

ആ ശബ്ദം അകന്നകന്ന പോയി.വഴിയിൽ ആരോ നട്ടുപിടിപ്പിച്ചബദാം മരങ്ങളുടെ ഇലകളിലൂടെ കണ്ണീർ തുള്ളികൾ പോലെ മഴ ഒഴുകിവരുന്നു. നീർചാലുകൾ പോലെ കിണുങ്ങി വരുന്ന ഇളം കാറ്റ്.അതിൽ പറന്നകന്ന വാനമ്പാടിയുടെ നിഴൽ ഞാൻ ഇന്നും ഓർക്കുന്നു.അതൊരു മഴക്കാലമായിരുന്നു.തുള്ളിക്കൊരു കുടം പോലെ തകർത്തുപെയ്യുന്ന മഴ.കടിപിടി പിടിക്കുന്ന ചെന്നായിക്കളെപ്പോലെ മരങ്ങൾ ആടിയുലഞ്ഞു.നേർത്ത തണുത്ത കാറ്റിലൂടെ ഡാലിയപ്പൂക്കളുടെ മണം ഒഴുകി വന്നു.ആ സുഗന്ധമായിരുന്നു ആ നേരത്ത് എനിക്ക് കിട്ടിയ പ്രചോദനം.അത് താങ്ങാവുന്നതിലപ്പുറമായിരന്നു. വഴിയോരത്തെ ചെറുകുടിലായിരുന്നു എന്റെ വീട്.വീട് എന്ന് മാത്രമല്ല എന്റെ സ്വർഗ്ഗം കൂടിയായിരുന്നു അത്.സുഖങ്ങളും ദുഃഖങ്ങളും ആവോളം അനുഭവിച്ച വീട്.കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് എന്റെ വീട് ദാരിദ്ര്യത്തിൽ നിന്ന് പാതി അകന്നുനിന്നത്.അത് ചില ദിവസങ്ങളിൽ അരവയറും ചിലപ്പോൾ പട്ടിണിയും വരെ ഉണ്ടായേക്കാം.പക്ഷെ ഇതൊന്നും അറിയാതെയാണ് ഞാൻ വളർന്നത്,അത് ചിലപ്പോൾ ചിലർ അറിയിക്കാതെയാണെന്നും  പറയാം.എന്നെ അച്ഛൻ വിദ്യ അഭ്യസിക്കാൻ വിട്ടിരുന്നില്ല.എന്താണ് അല്ലെങ്കിൽ എന്തുകൊണ്ടാണ് വിടാതിരുന്നത് എന്ന് ചോദിച്ചപ്പോഴെല്ലാം അച്ഛൻ ഒരു മറുപടി മാത്രമേ പറഞ്ഞുള്ളൂ.ആദ്യം നന്നായി കച്ചവടം ചെയ്യ് എന്നിട്ടാലോചിക്കാം എന്നൊക്കെ പറഞ്ഞ് അച്ഛൻ ഒഴിഞ്ഞുപോകും.എനിക്കമ്മയില്ല.എന്റെ ചോറൂണം കഴിഞ്ഞ് വരുന്ന

വഴിയിൽ ഒരു ആക്സിഡന്റിൽ എന്റെ അമ്മ മരിച്ചു.ഞാനും അച്ഛനും തലനാരിഴക്കാണ് രക്ഷപ്പെട്ടത്.ഇതൊക്കെയോർത്ത് ഞാൻ എന്നും പൊട്ടിക്കരയും .ഒരു ദിവസം ഞാൻ ഓറഞ്ച് തോട്ടത്തിലൂടെ നടക്കുകയായിരുന്നു.പഴുത്ത ഓറഞ്ച് നിറമുള്ള പഴങ്ങൾ.പെട്ടന്ന് ദയനീയമായ ഒരു കരച്ചിൽ കേട്ടു തിരിഞ്ഞുനോക്കിയപ്പോൾ ഒരു കുഞ്ഞു പക്ഷി.ആദ്യ നോട്ടത്തിൽ തന്നെ എനിക്ക് രണ്ട് കാര്യങ്ങൾ മനസ്സിലായി.ഒന്ന് അത് എന്തോ അപകടത്തിൽ പെട്ടിരിക്കുകയാണ്.പിന്നെ അത് ഒരു കുഞ്ഞു വാനമ്പാടിയായിരുന്നു.ചിറകനക്കം പോലും നഷ്ടപ്പെട്ടിരുന്ന ആ പക്ഷിയെ കണ്ടപ്പോൾ അവന്റെ മനസ്സലിഞ്ഞു.അവൻ പതിയെ തന്റെ മൃദുലമായ കൈകളിൽ അതിനെ എടുത്തുവച്ച് അരുവിയിലെ തണുത്ത വെള്ളത്തിനായി പാഞ്ഞു.തൊട്ടരികിൽ കണ്ട കനാലിൽ നിന്ന് അവൻ കുറച്ച് വെള്ളമെടുത്ത് അതിന്റെ ചോര നിറമുള്ള നാവിൽ ഉറ്റിച്ചു കൊടുത്തു.പെട്ടന്നാണ് അത് സംഭവിച്ചത്.ആകാശത്ത് വട്ടമിട്ട് പറന്നുകൊണ്ടിരുന്ന പരുന്ത് വാനമ്പാടിയെ തന്റെ നഖങ്ങളിൽ വച്ച് എങ്ങോട്ടോ പറന്നു പോയി. അതിന്റെ ഭയാനകമായ ശബ്ദം

അകന്നകന്നു പോയി.എങ്ങോട്ടോ എവിടെയോ

എവിടെയായാലും അതെന്റെ പക്ഷിയാണ്.എന്റെ പുന്നാര

പക്ഷി.



***-ANUSREE***

# മഴയിലെ ആ ഈണം

മഴപെയ്ത നാളിൽ ഞാൻ
തനിച്ചായ നേരത്ത്, കാതോർ-
ത്തിരുന്ന ഞാൻ ,ദൂരെയാതീരത്ത്..
അകലയാ ചില്ലയിൽ ഞാൻ ആ സ്വരം
കേൾക്കാൻ തനിച്ചിരുന്ന ആ നേരം
പിന്നീട് ഞാൻ ഇന്നാ മഴയിൽ
കേട്ടോരു പൊൻ ശബ്ദം
മഴയുടെ നേരത്ത് തനിച്ചായ-
രാകിളതൻ തേങ്ങലണെന്നറിയില്ല
എന്നാലും  ആ മഴയിൽ നനഞ്ഞു ഞാൻ
കേട്ടൊരു ശബ്ദം എൻ ഹ്രദയത്തിലായി
ഞാൻ സൂക്ഷിച്ചു വച്ചു .........
അവസാനം  ഇന്നിതാ ഞാൻ
ഓർക്കുന്ന ആ ശബ്ദം
അത് മഴയുടെ കവിതയോ ഗാനമോ
എന്നറിയില്ല   എനിക്ക്
എന്നാൽ ആ കിളിതൻ തേങ്ങൽ
മഴയ്ക്കൊരു ഈണമാണെന്ന്
ഞാൻ ഇന്ന് തിരിച്ചറിയുന്നു
ഇന്ന് ഞാൻ തിരിച്ചറിയുന്നു.



DIYA

# നൊമ്പരങ്ങളുടെ പുഴ

ഒഴുകി തീർന്ന പുഴ

നൊമ്പരങ്ങളുടെ മഴ പാറുന്നു

പാറി തീർന്ന മഴപ്പാറലുകൾ

നൊമ്പരത്തിന്റെ മരങ്ങളായി വളർന്നു

നീർകെട്ടിയ ചളി പോലെ

എല്ലാം അലിഞ്ഞു തീർന്നു

പാറകൾ മാത്രം ബാക്കിയായി

ജീവിതം ശൂന്യമായി

വേണ്ട എന്ന് വിചാരിക്കുന്ന

കാര്യങ്ങളൊക്കെ നടക്കുന്നു

എന്റെ ജീവിതം നൊമ്പരത്തിന്റെ

ഒഴുക്കിൽ കാണാലോകത്തെത്തി.

***ANUSREE***



*ABHINAV*

# എനിക്കും മഴയ്ക്കും ഇടയിൽ

മഴയും മേഘവും നരനും പ്രകൃതിയും

എന്നും ഒന്നായിരുന്നു.

മേഘങ്ങളിൽ നിന്ന് ഉത്ഭവിച്ച്

മനുഷ്യന്റെ അസ്ഥിത്വമായി മാറിയ മഴ

സർവചരാചരങ്ങൾക്കും ആനന്ദമേകുന്ന മഴ

അനിലൻ മഴയെ മാടിവിളിക്കുന്നു.

കാറ്റിനകമ്പടിയായി മഴയെത്തുന്നു.

മഴയേ നീ എന്റെ പ്രാണജലം

ഞാൻ നിന്നിലൊരു ഭാഗവും

നീ എന്നിലൊരു ഭാഗവുമാകുന്നു.

മഴക്കാലം നീ  എനിക്കായി സൃഷ്ടിച്ച-

താണെന്ന് തോന്നിപ്പോകുന്നു.

അത്രത്തോളം നീ എന്റെ മനസ്സിനെ കവർന്നെടുത്തു.

ഏതോ ഒരു യാമത്തിൽ ഞാൻ

നിന്നെ തേടുന്നു.

ഇളം തെന്നലായി തൊട്ടുതലോടുന്ന

മഴത്തുള്ളികളേ...
എന്നാൽ ഞാൻ മഴയെ ഭയക്കുന്നു
ഇന്ന് മഴയെന്ന് കേൾക്കുമ്പോൾ
മനസ്സ് ആശങ്കകളാൽ നിറയുന്നു
മഴ ഇന്നെനിക്ക് നൽകുന്നത് ദുഃഖമാണ്.

മനുഷ്യരോരോരുത്തരുടെയും  ദുരിതങ്ങൾ
കണ്ട് ഞാൻ മടുത്തു.
അവരുടെ കണ്ണുനീർ കാണാതിരിക്കാൻ
എനിക്ക് കഴിയുന്നില്ല.

എന്നാൽ എനിക്കറിയാം
നരൻ പ്രകൃതിയോട് ചെയ്യുന്ന
കൊള്ളരുതായ്മകൾ
മനുഷ്യനെ മനുഷ്യനാക്കിയ മഴയെ
നീയാണെനിക്കെല്ലാം.





# നന്ദി..........